# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 884 — 12.12.2012ൽ മറുപടിയ്ക്ക്

## ഇറിഗേഷൻ വകുപ്പുകളുടെ കീഴിലെ പ്രവൃത്തികൾ

ചോദ്യം : ശ്രീ. തോമസ് ചാണ്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കുട്ടനാട് താലൂക്കിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിലായി 2012-13 ൽ ഇതുവരെ എത്ര പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭ്യമായെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) | 1. പമ്പാനദിയുടെ ഇടത്കരയിൽ പമ്പാബോട്ട് റെയിസിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പുനരുദ്ധാരണ പണികൾ (ഇറിഗേഷൻ ഡിവിഷൻ, ആലപ്പുഴ) - 1,75,000/-<br>2. പുളിങ്കുന്ന് പഞ്ചായത്തിൽ നാഗവല്ലി തോടിന് കുറുകെ കലുങ്ക് നിർമ്മാണം (മൈനർ ഇറിഗേഷൻ) - 12,00,000/-<br>3. തകഴി പഞ്ചായത്തിൽ പടഹാരം പള്ളിതോടിന് കുറുകെ ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം - 23,00,000/- |
| (ബി) | സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ പുതുക്കിയ ഷെഡ്യൂൾ അനുസരിച്ചുള്ള അന്തിമ പ്രയോരിറ്റി ലിസ്റ്റ് ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | കുട്ടനാട്ടിലെ തടി കൊണ്ട് നിർമ്മിച്ച താത്കാലിക ബോട്ട് ജെട്ടികൾ മാറ്റി കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിന് ഈ വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (സി) | കുട്ടനാട്ടിലെ തടി കൊണ്ട് നിർമ്മിച്ച താത്കാലിക ബോട്ട് ജെട്ടികൾ മാറ്റി കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. |
| (ഡി) | കുട്ടനാട്ടിലെ പൊതുകുളങ്ങൾ, പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന അമ്പലക്കുളങ്ങൾ എന്നിവ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | കുളങ്ങളുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചെങ്ങന്നൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ